P3/19932/2019/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 16.12.2020

**<u>പരിപത്രം</u>**

വിഷയം:- വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് -2020-21 -എന്ന പദ്ധതിയുടെ ഭാഗമായി സർക്കാർ കോളേജുകളിൽ Psychology Apprentice ഉദ്യോഗാർത്ഥികളെ താല്ക്കാലികമായി നിയോഗിക്കുന്നത് സംബന്ധിച്ച്

സൂചന :- 1.15.06.2019 ലെ സർക്കാർ ഉത്തരവ് നമ്പർ G.O(Rt)978/2019/H.Edn
2. 29.06.19 ലെ ഇതേ നം പരിപത്രം
3. 30.07.2020 ലെ വർക്കിങ് ഗ്രൂപ്പ് മീറ്റിംഗ് മിനുട്സ്
4.GO(Rt)1050/2020/HEDN തിയ്യതി 19.08.2020
5.21.11.2020 ലെ ഇതേ നം പരിപത്രം

*********

വിദ്യാർത്ഥികളിൽ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്ങ്ങൾ നേരിടുന്നതിനായുള്ള മാർഗനിർദേശങ്ങൾ യഥാസമയം നല്കുന്നതിനുമായി 2019-20 സാമ്പത്തിക വർഷം മുതൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ജീവനി - കോളേജ് മെന്റൽ അവെയർനെസ്സ് പ്രോഗ്രാം എന്ന പദ്ധതി നടത്തി വരുന്നു .2020-21 സാമ്പത്തിക വർഷം ടി പദ്ധതിയുടെ തുടർനടത്തിപ്പിനായുള്ള പ്രൊപ്പോസൽ സൂചന (3) സർക്കാർ വർക്കിങ് ഗ്രൂപ്പ് മീറ്റിംഗിൽ പരിഗണിക്കുകയും സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. . നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിയുടെ തുടർനടത്തിപ്പിനായി താഴേ പറയുന്ന മാർഗരേഖ പ്രകാരമുള്ള നടപടികൾ സർക്കാർ കോളേജ് മേധാവികൾ സ്വീകരിക്കേണ്ടതാണ് .

1. ജീവനി സെന്ററുകളുടെ ചുമതലയ്ക്കായി ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ കോർഡിനേറ്ററായി പ്രിൻസിപ്പാൾ നിയമിക്കേണ്ടതാണ് .സൈക്കോളജി ഡിപ്പാർട്ട്മെൻറ് ഉള്ള സർക്കാർ കോളേജുകളിൽ പ്രസ്തുത ഡിപ്പാർട്ട്മെൻറ് ഇതിന് നേതൃത്വവും നൽകേണ്ടതാണ്.
2. കോളേജ് തലത്തിൽ പ്രിൻസിപ്പാൾ ചെയർമാൻ ആയി , പി.ടി.എ പ്രസിഡന്റ് , സമീപപ്രദേശത്തെ സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ വിദഗ്ധർ, ടീച്ചർ ഇൻ ചാർജ് ഓഫ് ജീവനി , ഓഫീസ് പ്രതിനിധി എന്നിവർ അടങ്ങിയ കമ്മിറ്റി കോളേജ് തലത്തിൽ പുനഃ സ്ഥാപിക്കേണ്ടതാണ് .
3. "ജീവനി സെൻറർ ഫോർ വെൽ ബീയിങ്" എന്ന പേരിൽ കോളേജ് ലൈബ്രറിയോടു ചേർന്ന് ക്രമീകരിച്ചിട്ടുള്ള മുറി ഫർണിച്ചർ മുതലായ അതാവശ്യ സൗകര്യങ്ങളോട് കൂടി പ്രസ്തുത ആവശ്യത്തിനായി ഒരുക്കേണ്ടതാണ്.
4. 2020-21 സാമ്പത്തിക വർഷം കോളേജുകളിലെ പ്രസ്തുത സെന്ററുകളിൽ സൈക്കോളജി ബിരുദാനന്തര ബിരുദധാരികളെ പ്രതിമാസം Rs.17,600 /-(രൂപ പതിനേഴായിരത്തി അറുനൂറ് മാത്രം ) നിരക്കിൽ 2021 മാർച്ച് 31 വരെ അപ്രന്റീസ്ഷിപ്പിൽ നിയോഗിക്കാവുന്നതാണ് .
5. കോളേജ് പ്രിൻസിപ്പാൾ , സബ്ജക്ട് എക്സ്പേർട്ട് , ജീവനി കോളേജ് കോഓർഡിനേറ്റർ എന്നിവർ ഉൾപ്പെടുന്ന അഭിമുഖ പാനൽ രൂപീകരിച്ച് നേരിട്ടുള്ള അഭിമുഖം (via wide publicity ) നടത്തി 2020 ഡിസംബർ 31- നകം സൈക്കോളജി അപ്രന്റീസിനെ പ്രതിമാസം Rs.17,600 /- (രൂപ പതിനേഴായിരത്തി അറുനൂറ് മാത്രം ) നിരക്കിൽ ഒരു കോളേജിൽ ഒരാൾ എന്ന

വിധത്തിൽ താല്കാലികമായി നിയോഗിച്ച് അപ്രന്റീസുമാരുടെ പേര് വിവരങ്ങൾ ജീവനി പദ്ധതിയുടെ സ്റ്റേറ്റ് കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.

6. സൈക്കോളജിയിൽ ബിരുദാനന്തര ബിരുദമുള്ള (MA/MSc) ഉദ്യോഗാർത്ഥികളെ മാത്രമേ അപ്രന്റീസ് ആയി പരിഗണിക്കുവാൻ പാടുള്ളൂ. ക്ലിനിക്കൽ സൈക്കോളജി, പ്രവർത്തി പരിചയം തുടങ്ങിയവ അഭിലഷണീയ യോഗ്യതയായി കണക്കാക്കാവുന്നതാണ്.
7. തെരഞ്ഞെടുക്കുന്ന സൈക്കോളജി അപ്രന്റീസ്ൻറെ സേവനം കോളേജ് സമയം പൂർണമായും ഉപയോഗപ്പെടുത്തേണ്ടതാണ്
8. കോളേജുകൾ പ്രവർത്തനമാരംഭിക്കുന്ന തീയതി മുതൽ 2021 മാർച്ച് 31 വരെ ആയിരിക്കും സൈക്കോളജി അപ്രന്റീസ്ൻറെ സേവന കാലാവധി. 200 രൂപയുടെ മുദ്രപത്രത്തിൽ വ്യവസ്ഥാപിത കരാർ ഒപ്പു വെച്ചതിന് ശേഷം മാത്രമേ അപ്രന്റീസിനെ നിയോഗിക്കുവാൻ പാടുള്ളൂ.
9. 2202-03-103-51- Student Support Welfare & Outreach എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്ന് സൈക്കോളജി അപ്രന്റീസിനായുള്ള വേതനം അനുവദിക്കുന്നതാണ്.

# Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 16.12.2020
Reason: Approved

ഒപ്പ്/-
**വിഗ്നേശ്വരി വി ഐ.എ.എസ്സ്**
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. ഗവ കോളേജ് പ്രിൻസിപ്പാൾമാർ (എല്ലാ സർക്കാർ ആർട്സ് & സയൻസ്, ട്രെയിനിങ്, സംഗീത , ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ )
2.പ്രിൻസിപ്പാൾ, ഗവ വിമൻസ് കോളേജ് തിരുവനന്തപുരം,(ജീവനി- സ്റ്റേറ്റ് നോഡൽ ഓഫീസ് )
2.ഡോ.സോണിയ ജോർജ്ജ് , അസിസ്റ്റൻറ് പ്രൊഫസർ , സൈക്കോളജി, ഗവ വിമൻസ് കോളേജ് തിരുവനന്തപുരം (സ്റ്റേറ്റ് കോർഡിനേറ്റർ , ജീവനി )
3.നടപ്പ് ഫയൽ /കരുതൽ ഫയൽ